**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5550** **13-08-2021 - ൽ മറുപടിയ്ക്ക്**

**കണ്ടൽക്കാട്ടുകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കണ്ടൽ വനങ്ങളിൽ എത്ര ശതമാനത്തിന് നിയമാനുസൃത സംരക്ഷണം ഉറപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ റവന്യൂ/പഞ്ചായത്ത് പുറമ്പോക്കുകളിലുള്ള കണ്ടൽ വനങ്ങൾ മുഴുവനും നിയമാനുസൃതമായി സംരക്ഷിക്കപ്പെടുവാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. 1541 ഏക്കർ കണ്ടൽ വനങ്ങൾ റിസർവ്വായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | നിയമ സംരക്ഷണം ലഭിക്കാത്തതുമൂലം കൈയ്യേറ്റത്തെ തുടർന്ന് നശോന്മുഖമായിക്കൊണ്ടിരിക്കുന്ന കണ്ടൽക്കാട്ടുകൾ എത്ര ചതുരശ്ര കിലോമീറ്റർ വരുമെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | ഇപ്രകാരം നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കണ്ടൽക്കാട്ടുകൾ സംബന്ധിച്ച കൃത്യമായ കണക്കുകൾ ശേഖരിച്ചിട്ടില്ല. എന്നാൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാട്ടുകൾ പാരിസ്ഥിതിക ദുർബലപ്രദേശ നിയമം, 2003 സെക്ഷൻ 4 പ്രകാരം നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത കണ്ടൽക്കാട്ടുകൾക്ക് നിയമസംരക്ഷണം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (സി) | നിലവിലുള്ള സ്വകാര്യ കണ്ടൽക്കാട്ടുകൾ പാരിസ്ഥിതിക ദുർബലപ്രദേശ നിയമം, 2003 സെക്ഷൻ 4 പ്രകാരം ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി കണ്ടൽക്കാട്ടുകൾ എല്ലാം തന്നെ തീരദേശ സംരക്ഷണ നിയമത്തിൽ ഏറ്റവും സംരക്ഷണം നൽകേണ്ട CRZIA വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1541 ഏക്കർ കണ്ടൽ വനങ്ങൾ റിസർവ്വായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ഡി) | വനങ്ങൾ പ്രദാനം ചെയ്യുന്ന ഹൈഡ്രോളജിക്കൽ സർവ്വീസ് കണക്കാക്കുന്നതിന് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് & മാനേജ്മെന്റ് നടത്തിയ സാധ്യത പഠനത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (ഡി) | ഇപ്രകാരം റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ഇ) | കണ്ടൽക്കാട്ടുകളുടെ ഏറ്റെടുക്കലിനും സംരക്ഷണത്തിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ഇ) | നിലവിലുള്ള സ്വകാര്യ കണ്ടൽക്കാട്ടുകൾ പാരിസ്ഥിതിക ദുർബലപ്രദേശ നിയമം, 2003 സെക്ഷൻ 4 പ്രകാരം ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 1541 ഏക്കർ കണ്ടൽ വനങ്ങൾ |

| | | | |
|---|---|---|---|
| | | | റിസർവ്വായി പ്രഖ്യാപിച്ചിട്ടുണ്ട്. ജൈവ വൈവിധ്യങ്ങളുടെ കലവറയായ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സാമൂഹ്യ വനവൽക്കരണവിഭാഗം വിവിധ ഇനം കണ്ടൽ ചെടികളും അനുബന്ധ ചെടികളും ഉൽപാദിപ്പിച്ച് പൊതു ജനങ്ങൾക്ക് വിതരണം ചെയ്ത് വരുന്നു. ഗാർഹിക ആവശ്യങ്ങൾക്ക് കണ്ടൽ ചെടികൾ നശിപ്പിക്കപ്പെടാതിരിക്കുവാൻ തദ്ദേശീയർക്ക് സൗകര്യപ്രദമായ രീതിയിൽ ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. 5 ജില്ലകളിൽ സർക്കാർ അധീനതയിലുള്ള കണ്ടൽ പ്രദേശങ്ങൾ റിസർവ്വ് ഫോറസ്റ്റായി വിജ്ഞാപനം ചെയ്ത് സംരക്ഷിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിനു കീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ